**കേരള എക്സൈസ് വകുപ്പ്**
"മാതൃഭാഷ-മലയാളം"

**<u>അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം, കേരളം, തിരുവനന്തപുരം.</u>**

(സാന്നിദ്ധ്യം - ഡി.രാജീവ്, ഐ.ഓ.എഫ്.എസ്)

വിഷയം - **കേരള എക്സൈസ്- ജീവനക്കാര്യം- വകുപ്പ്- ഇടുക്കി ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 20.08.2011 മുതൽ 31.12.2021 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം - 1) 20.08.2011 ലെ G.O(P) No. 26/2011/പി ആന്റ് ആർ.ഡി ഉത്തരവ്
2) 09.09.2013 ലെ GO(Rt) No.712/2013/റ്റി.ഡി ഉത്തരവ്
3) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ 02.02.2022 തീയതിയിലെ OA-1293/2020 നമ്പർ അന്തിമ ഉത്തരവ്.
4) ഇടുക്കി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 02.11.2022 തീയതിയിലെ ഐ.ഡി1 /437848/ 2022 നമ്പർ കത്ത്.
5) ഉത്തരവ് നമ്പർ ഇ.എക്സ്.സി/1536/2022/എക്സ്.ഡി3/ഐ.ഡി.കെ തീയതി 03.11.2022
6) 23.09.2017 തീയതിയിലെ ബഹു.കേരള ഹൈക്കോടതിയുടെ ഒ.പി(കെ.എ.റ്റി) - 461/2017 ( Z) നമ്പറിലെ ഇടക്കാല ഉത്തരവ്.

**<u>ഉത്തരവ് നമ്പർ ഇ.എക്സ്.സി/1536/2022/എക്സ്.ഡി3/ഐ.ഡി.കെ തീയതി: 03/02/2023</u>**

ഇടുക്കി ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 20.08.2011 മുതൽ 31.12.2021 വരെയുള്ള കാലയളവിലെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് പരാമർശം 5 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ ജനന തീയതി, വകുപ്പുതല പരീക്ഷ പാസായ വിവരം, വിദ്യാഭ്യാസ യോഗ്യത തുടങ്ങിയ വിവരങ്ങൾ കൂടി ഉൾപ്പെടുത്തുവാൻ ബന്ധപ്പെട്ട രേഖകൾ സഹിതം പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ. സേവ്യർ.പി.ഡി, ജിജി കെ ഗോപാൽ, അബ്ദുൾ സലാം.എം, പ്രകാശ്.ആർ തുടങ്ങിയവർ അപേക്ഷിക്കുകയും ആയത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഭേദഗതി വരുത്തിയിട്ടുള്ളതാണ്. അതോടൊപ്പം മേൽ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിനെതിരെ സ / ശ്രീ. സുകു.കെ.വി, വിനേഷ്.സി.എസ്, മനോജ് മാത്യു, എന്നിവർ പരാതി സമർപ്പിച്ചിക്കുകയും, പരാതിക്കാരുടെ ആവശ്യം പരിഗണിച്ച് പരാതിക്കാരെ 07.01.2023-ൽ നേരിൽ കേൾക്കുകയുണ്ടായി. പരാതിക്കരിൽ ശ്രീ. സുകു.കെ.വി ഹിയറിംഗിൽ പങ്കെടുത്തിട്ടില്ലാത്തതാണ്.

2) ശ്രീ . സുകു.കെ.വി -ക്ക് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചത് 19.08.2014 ൽ ആണെന്നും, നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഇടുക്കി ജില്ലയിലെ പ്രിവന്റീവ് ഓഫീസർമാരുടെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ ടിയാനെ 01.01.2015 -തീയതിയിലാണ് ക്രമീകരിച്ചിരിക്കുന്നതെന്നും, അതോടൊപ്പം സ/ ശ്രീ. മനോജ്